ക്ലബ്ബുകളും മദ്യം വിൽക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഈ ക്ലബ്ബുകളും എന്നുപറയുന്നത് എല്ലാ സിവിലൈസ്ഡ് രാജ്യങ്ങളിലും ഉള്ളതാണ്. നമ്മളും മദ്യത്തിന് കൊടുത്തിട്ടുള്ള പ്രാധാന്യം ഒരു സിവിലൈസ്ഡ് കണ്ട്രീസും കൊടുത്തിട്ടില്ല. അവിടെയായാലെയും മദ്യം വിൽപ്പനയുണ്ട്. നമുക്ക് ഒരു വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി കുറെയധികം കാര്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളതല്ലാതെ നിങ്ങളും ഏത് വികസിത രാജ്യത്ത് ചെന്നാലും എല്ലാ കടയുടേയും ഒരുമൂലയിൽ മദ്യം ഉണ്ട്. ഇപ്പോൾ ഇവിടേയും തുടങ്ങിയിട്ടുണ്ട്. ചെന്നാലുടനെ ഒരു വണ്ടിയുന്തി സാധനങ്ങളും എടുക്കുകയാണല്ലോ പതിവ്. അങ്ങനെ എടുത്തിട്ട് ഒടുവിൽ ബിൽ എഴുതുന്ന പതിവ് ഇപ്പോൾ ഇവിടേയും തുടങ്ങിയിട്ടുണ്ട്. പല രാജ്യത്തും അങ്ങനെയാണ്. അങ്ങനെ ചെയ്യുമ്പോൾ സോപ്പും ചീപ്പും അരിയും മറ്റും എടുക്കുന്നതുപോലെതന്നെ മറ്റേ മൂലയിൽ ചെന്ന് രണ്ട് കുപ്പിയും എടുത്തിടും. മറ്റ് സാധനം വാങ്ങിക്കുന്നതുപോലെയാണ് ചെയ്യുന്നത്. നമ്മളാണ് ഇതിന് അധികമായ പ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ട് മദ്യം എല്ലാ സിവിലൈസ്ഡ് രാജ്യങ്ങളിലും ക്ലബ്ബുകളിലും ഉള്ളതാണ്. അത് അത്ര വലിയ ഒരു തെറ്റാണെന്ന് അഭിപ്രായമില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിടണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ? അദ്ദേഹം സീറ്റിൽ ഇല്ല. ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2002-ലെ കേരള അബ്കാരി (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. 2002-ലെ അബ്കാരി (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2004-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്)ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2004-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2004-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് (അമെൻഡ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇതിൽ ഒരു ചർച്ചയുടേയും ആവശ്യമില്ല. ഇതിൽ ഒരു കാര്യവുമില്ല. ലോക്കൽ ഫണ്ട് ആഡിറ്റ് ബില്ലിൽ കേരള അർബൻ ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ കൂടി ഉൾപ്പെടുത്തിപ്പോയി. കേരള അർബൻ ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷന്റെ ആഡിറ്റ് നടത്തുന്നത് എ. ജി. യാണ്. അപ്പോൾ അത് ഇതിൽ വരേണ്ട കാര്യമില്ല. അപ്പോൾ അതങ്ങ് ഡിലീറ്റ് ചെയ്യുന്നത് മാത്രമാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ ആർക്കും തർക്കം ഉണ്ടാകേണ്ട കാര്യമില്ല. ഇത് ഒരു ചർച്ചയും ഇല്ലാതെ സബ്ജക്ട് കമ്മിറ്റിക്ക് വിടാവുന്നതാണ്.

ശ്രീ. കെ. ബാബു: സർ, 2004-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (അമെൻഡ്മെൻറ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇത് കേരള അർബൻ ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷനെ ഒഴിവാക്കാൻ വേണ്ടിയുള്ള ഒരു ബില്ലാണ്. ചർച്ചയ്ക്ക് സ്കോപ്പില്ല. എന്നാലും ഒരു കാര്യം പറയാം. ഇൻഡ്യയിൽ ആദ്യമായി ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം കൊണ്ടുവന്നത് കേരളത്തിലാണ്. ബഹുമാനപ്പെട്ട ഇപ്പോഴത്തെ മുഖ്യമന്ത്രി ധനകാര്യ വകുപ്പു മന്ത്രി ആയിരിക്കുമ്പോൾ 1994-ൽ ആണ് ഈ നിയമം കൊണ്ടുവന്നത്. സി. എ. ജി. ആഡിറ്റ് ചെയ്യാത്ത വിഷയങ്ങൾ പ്രത്യേകിച്ച് ത്രിതല പഞ്ചായത്ത് സംവിധാനം വന്നതിനുശേഷം 40 ശതമാനം ബഡ്ജറ്ററി അലോക്കേഷൻ പഞ്ചായത്തുകൾക്ക് പോകുന്നുണ്ട്. ഇത് ആഡിറ്റ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം, അതിനുവേണ്ടി ഒരു കമ്മിറ്റി കേരള നിയമസഭയിലാണ് ആദ്യമായി രൂപീകരിച്ചത്. അതുകൊണ്ട് നമ്മുടെ ലോക്കൽ ഫണ്ട് ആഡിറ്റ് സംവിധാനം ഇപ്പോൾ ഒഴിവാക്കുന്നതൊഴിച്ചാൽ ബാക്കി മേഖലയിൽ കൂടുതൽ ശക്തിയായി നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കൂടുതലായി ഈ വിഷയത്തെക്കുറിച്ച് ഒന്നും പറയുന്നില്ല.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, 2004-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (അമെൻഡ്മെൻറ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, കേരള അർബൻ ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷന്റെ ആഡിറ്റ് ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് വാസ്തവത്തിൽ ആവശ്യമില്ലാത്ത കാര്യമാണ്. മഹാരാഷ്ട്രയിലായാലും തമിഴ്നാട്ടിലായാലും ഇത് ഒഴിവാക്കിയിട്ടില്ല. അതേ സമയത്ത് ചാർട്ടേർഡ് അക്കൗണ്ടൻറ് എന്നുപറയുമ്പോൾ അവർ വരവുചെലവ് കണക്ക് മാത്രമാണ് നോക്കുന്നത്. അവർ ഇതിന്റെ സാമൂഹ്യ വശങ്ങളൊന്നും നോക്കുന്നില്ല. ഇപ്പോഴത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ പറഞ്ഞ മാതിരിയാണല്ലോ ഇപ്പോൾ ആഡിറ്റ് നടക്കുന്നത്. ചാർട്ടേഡ് അക്കൗണ്ടൻറ് ആണ് അത് പരിശോധിക്കുന്നത്. അതുകൊണ്ട് ഒരുപാട് പ്രശ്നങ്ങളുണ്ട്. ശരിയായിട്ടുള്ള വിവരം നിയമസഭയ്ക്കുപോലും കിട്ടുന്നത് വളരെ താമസിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്ക്: ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞത് സി. എ. ജി. അർബൻ ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷന്റെ കണക്ക് ആഡിറ്റ് ചെയ്യുന്നില്ല എന്നാണ്. എന്നാൽ ഇറാനി കമ്മിറ്റി നിർദ്ദേശപ്രകാരം സി. എ. ജി. പബ്ലിക് സെക്ടർ യൂണിറ്റുകളുടെ കണക്ക് ആഡിറ്റ് ചെയ്യേണ്ട എന്ന നയപരമായ ഒരു തീരുമാനം ഇപ്പോൾ കേന്ദ്ര സർക്കാർ എടുത്തുകൊണ്ടിരിക്കുകയാണ്. ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവയൊക്കെ സി. എ. ജി. യുടെ ആഡിറ്റിനു പുറത്താണ്. നമ്മുടെ ലോക്കൽ ഫണ്ട് ആഡിറ്റുകാർ ഒഴിവാക്കികഴിഞ്ഞു. ഒരു സംശയവും വേണ്ട. ഈ പൊതുമേഖലാ സ്ഥാപനത്തിനുമേലെ പൊതുമേൽനോട്ടമില്ലാത്ത നില വന്നുചേരും.

ശ്രീ. വി. കെ. സി. മമ്മത്കോയ: അത് ശരിയാണ്. ഇപ്പോൾ ഫലത്തിൽ ഒരു സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചാർട്ടേഡ് അക്കൗണ്ടൻറ് പരിശോധിച്ചിട്ട് അവർ ഒരു റിപ്പോർട്ടോടുകൂടി ഒരു വരവ് ചെലവ് കണക്ക് പരിശോധിക്കുന്ന നിലയിലേക്ക് ഇത് തരംതാഴും. അതുകൊണ്ട് ഇത് മാറ്റാൻവേണ്ടി പാടില്ല, ആഡിറ്റ് എന്ന് പറയുമ്പോൾ അതിൽ ഒരുപാട് സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ട്. ഇതുപയോഗിച്ച് സാമൂഹിക മേഖലയിൽ അതുണ്ടാക്കുന്ന പ്രശ്നങ്ങളൊക്കെ അവർ പരിശോധിക്കുന്നതാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം പദ്ധതി വിഹിതത്തിന്റെ 40 ശതമാനം ചെലവഴിക്കുന്ന ഒരു മേഖല പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ്. ആ സംവിധാനം വസ്തുതയിൽ ഇന്ന് വളരെ ദുർബലമാണ്. ആ ദുർബലത പരിഹരിക്കാൻ വേണ്ടി ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റി ഗവൺമെൻറിന്റെ മുമ്പിൽ വളരെ വിശദമായിട്ട് 18 നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം വളരെ ദുർബലമാണ്. അത് ആധുനികവൽക്കരിക്കണം. കാരണം വളരെ അപ്രസക്തമായിട്ടുള്ള ഡിപ്പാർട്ടുമെൻറ് പോലും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമ്പോൾ ഈ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന് കാര്യമായിട്ടുള്ള ആധുനികവൽക്കരണത്തിനു വേണ്ടിയിട്ടുള്ള ഒരു പരിപാടിയും ചെയ്യാറില്ല. അതുപോലെതന്നെ ഇപ്പോൾ പഞ്ചായത്തിന്റെ കാര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റുകാർക്ക് അവയുടെ കണക്ക് കാര്യങ്ങൾ അവരുടെ മുമ്പിൽ സമയാസമയങ്ങളിൽ കൊടുക്കുന്നതിനുവേണ്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തുന്ന വ്യക്തമായിട്ടുള്ള ഒരു നിയമം ഇപ്പോഴില്ല. അതിൽ ഒരു അവ്യക്തതയുണ്ട്. ആ അവ്യക്തതകാണ്ട് അവർ ശരിയായിട്ടുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ തയ്യാറാകുന്നില്ല. അവർ ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് അതുപോലെ പലതരത്തിലുള്ള ക്രമക്കേട് കാണിച്ച് അക്കൗണ്ട്സ് സമയത്തിന് കൊടുക്കാതെ പൂഴ്ത്തിവച്ചാൽ അവരെ ശിക്ഷിക്കാവുന്നത് ഒരു മൂവായിരം ഉറുപ്പികയ്ക്ക് മാത്രമാണ്. മൂവായിരം ഉറുപ്പിക ഫൈൻ അടച്ചാൽ പ്രശ്നം തീർന്നു. അക്കൗണ്ട്സ് ഒരു ചെറിയ സമയപരിധിക്കുള്ളിൽ കൊടുക്കുന്നതിന് വേണ്ടി മുനിസിപ്പാലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ സെക്രട്ടറിമാർ കൊടുക്കണമെന്നുണ്ട്. പഞ്ചായത്തിൽ അതുമില്ല. അതരത്തിൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് വേണ്ടി അധികാരം കൊടുക്കുന്ന ഒരു നിയമമാണെന്നുള്ളതുകൊണ്ട് ഇതൊന്നും പറയേണ്ട കാര്യമില്ല, എന്നുള്ളനിലയിൽ നിൽക്കുന്നത് ശരിയല്ല. ഈ ക്രമക്കേടുകൾ നടക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള—ഇപ്പോൾ പഞ്ചായത്തുകളുടെ കാര്യങ്ങൾ പരിശോധിക്കാൻ ഡി.ഡി.പി.യും എ.ഡി.പി.യുമൊക്കെയുണ്ട്—ഞാൻ ആ കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന ആളായതുകൊണ്ട് പറയുകയാണ് എന്താണ് സ്ഥിതിയെന്ന് പറഞ്ഞാൽ ഇതൊന്നും ഞങ്ങൾ അറിഞ്ഞിട്ടില്ല എന്നുള്ള നിലപാടാണ് അവർ സ്വീകരിക്കുന്നത്. പഞ്ചായത്തിൽ ആഡിറ്റ് നടക്കുന്ന സമയത്ത് ക്രമത്തിൽ അക്കൗണ്ടുകൾ ആഡിറ്റിനു കൊടുക്കുന്നതിനും, ആഡിറ്റുകാരുടെ query-യുടെ മേൽ കൃത്യമായി നടപടിയെടുക്കുന്നതിനും തുടർന്ന് ശിക്ഷാനടപടികൾ സ്വീകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനും ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങളും നടത്തേണ്ട ആളുകളും വന്ന് ഞങ്ങൾക്ക് ഒന്നും അറിയില്ല എന്നുപറയുകയാണ്. എ. ഡി. പി. യും ഡി. ഡി. പി. യും ഒക്കെയുണ്ട്. കൃത്യമായി ചുമതലയേൽപ്പിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് നടത്താനുള്ള ഒരു സംവിധാനം വേണം. അതിനാവശ്യമായിട്ടുള്ള ഭേദഗതിയാണ് നമ്മളും വരുത്തേണ്ടത്. ബഡ്ജറ്റ് വിഹിതത്തിന്റെ 40 ശതമാനം വിനിയോഗിക്കുന്ന വിഭാഗത്തിന്റെ അക്കൗണ്ട് കൃത്യമായി പരിശോധിക്കുന്നതിനും അതിനു ത്തരവാദിത്വമുള്ള ആളുകളെ സൃഷ്ടിക്കുന്നതിനും, ആവശ്യമായ നിയമ ഭേഗേതിയാണ് ഇതിൽ ഉണ്ടാക്കേണ്ടത്. അർബൻ ഡവലപ്മെന്റ് കോർപ്പറേഷനെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ട ആവശ്യമില്ല. അത് ആവശ്യമില്ലാത്തതാണ്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഈ നിയമത്തിൽത്തന്നെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപനമോ തദ്ദേശ നിധിയോ അല്ല. ഇതൊരു സർക്കാർ കമ്പനിയാകുന്നു. 1956-ലെ കമ്പനി നിയമത്തിലെ വ്യവസ്ഥകളും പ്രകാരം, 1971-ലെ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ആക്ടിലെ 19-ാം വകുപ്പുപ്രകാരം സർക്കാർ കമ്പനികളുടെ ഓഡിറ്റ് നടത്തേണ്ടത് കംപ്ട്രോളറും ഭാരത ഓഡിറ്റർ ജനറലുമാണ്. അതിനാൽ പ്രസ്തുത ആക്ടിന്റെ പട്ടികയിൽനിന്നും കേരള അർബൻ ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ന ഇനം വിട്ടുകളയാൻ സർക്കാർ തീരുമാനിച്ചു. കാരണം ഡബിൾ ഓഡിറ്റ് പാടില്ലല്ലോ? അതുകൊണ്ടാണിത് ചെയ്യുന്നത്. അതുകൊണ്ട് 2005-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്) ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച ഭേഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത്കോയ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: 2005-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

2004-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2004-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് (അമെൻറ്മെൻറ്) ബിൽ 8-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly